അധ്യായം 96

## അൽ അലഖ് (സിക്താണ്ഡം)

അവതരണം മക്കയിൽ, സൂക്തങ്ങൾ 19

**അദ്ധ്യായ പരിചയം:**

**ഈ സൂക്തം രണ്ട് ഘട്ടങ്ങളായാണ് അവതരിച്ചത്. ഒന്ന്, പ്രവചാചകൻ മുഹമ്മദ്(സ)ക്ക് ആദ്യമായി അവതരിച്ച ദിവ്യബോധനമായ പ്രഥമ അഞ്ച് സൂക്തങ്ങളിലൂടെ. അതിൽ അദ്ദേഹം പ്രവാചകത്വലബ്ധിക്കു മുമ്പ് പരിശുദ്ധ ജീവിതമാണ് നയിച്ചിരുന്നത് എന്ന സൂക്ഷ്മമായ സൂചനയുണ്ട്. അതോടൊപ്പം മനുഷ്യന്റെ സൃഷ്ടിപ്പെന്ന അത്യത്ഭുതകരമായ ദൃഷ്ടാന്തത്തിലേക്കും ഭൗതികലോകത്ത് അവൻ നേടിയെടുത്ത സകലതിനും അടിത്തറയായ വിജ്ഞാനത്തിന്റെ സ്വഭാവത്തിലേക്കും വ്യക്തമായ സൂചന നല്കുന്നു.**

**രണ്ടാമത്തെ ഘട്ടം നബിതിരുമേനി മസ്ജിദുൽ ഹറാമിനടുത്ത് നമസ്കരിക്കവേ അദ്ദേഹത്തെ മക്കയിലെ ഖുറൈശിപ്രമാണി അബൂജഹൽ തടയുകയുണ്ടായി. അതേസംബന്ധിച്ച പരാമർശത്തിൽ മനുഷ്യൻ തന്റെ ദൈവത്തോട് അനുവർത്തിക്കുന്ന ധിക്കാരത്തെക്കുറിച്ചും അതിന്റെ പരിണതിയെക്കുറിച്ചും വ്യക്തമാക്കുന്നു.**

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

ٱقۡرَأۡ بِٱسۡمِ رَبِّكَ ٱلَّذِي خَلَقَ ﴿١﴾ خَلَقَ ٱلۡإِنسَٰنَ مِنۡ عَلَقٍ ﴿٢﴾ ٱقۡرَأۡ وَرَبُّكَ
ٱلۡأَكۡرَمُ ﴿٣﴾ ٱلَّذِي عَلَّمَ بِٱلۡقَلَمِ ﴿٤﴾ عَلَّمَ ٱلۡإِنسَٰنَ مَا لَمۡ يَعۡلَمۡ ﴿٥﴾ كَلَّآ
إِنَّ ٱلۡإِنسَٰنَ لَيَطۡغَىٰٓ ﴿٦﴾ أَن رَّءَاهُ ٱسۡتَغۡنَىٰٓ ﴿٧﴾ إِنَّ إِلَىٰ رَبِّكَ ٱلرُّجۡعَىٰٓ
﴿٨﴾ أَرَءَيۡتَ ٱلَّذِي يَنۡهَىٰ ﴿٩﴾ عَبۡدًا إِذَا صَلَّىٰٓ ﴿١٠﴾ أَرَءَيۡتَ إِن كَانَ
عَلَى ٱلۡهُدَىٰٓ ﴿١١﴾ أَوۡ أَمَرَ بِٱلتَّقۡوَىٰٓ ﴿١٢﴾ أَرَءَيۡتَ إِن كَذَّبَ وَتَوَلَّىٰٓ ﴿١٣﴾
أَلَمۡ يَعۡلَم بِأَنَّ ٱللَّهَ يَرَىٰ ﴿١٤﴾ كَلَّا لَئِن لَّمۡ يَنتَهِ لَنَسۡفَعَۢا بِٱلنَّاصِيَةِ ﴿١٥﴾
نَاصِيَةٖ كَٰذِبَةٍ خَاطِئَةٖ ﴿١٦﴾ فَلۡيَدۡعُ نَادِيَهُۥ ﴿١٧﴾ سَنَدۡعُ ٱلزَّبَانِيَةَ ﴿١٨﴾
كَلَّا لَا تُطِعۡهُ وَٱسۡجُدۡ وَٱقۡتَرِب ۩ ﴿١٩﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. വായിക്കുക, സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ.
2. അവൻ മനുഷ്യനെ ഒട്ടിപ്പിടിച്ച (സിക്താണ്ഡ)തിൽനിന്ന് സൃഷ്ടിച്ചു.
3. വായിക്കുക, നിന്റെ നാഥൻ അത്യുദാരനാണ്.
4. പേന കൊണ്ട് പഠിപ്പിച്ചവൻ
5. മനുഷ്യനെ അവനറിയാത്തത് അവൻ പഠിപ്പിച്ചു.
6. വേണ്ട; മനുഷ്യൻ അതിക്രമിയായിരിക്കുന്നു.
7. തനിക്കു താൻ പോന്നവനായി കണ്ടതിനാൽ.
8. തീർച്ചയായും നിന്റെ നാഥങ്കലേക്കാണ് മടക്കം.

9. തടയുന്നവനെ നീ കണ്ടോ?

10 ഒരു ദാസൻ നമസ്കരിക്കുമ്പോൾ.

11. നിനക്കെന്തു തോന്നുന്നു, ആ അടിമ നേർവഴിയിലാണെങ്കിലോ?

12. അല്ലെങ്കിൽ ഭക്തി ഉപദേശിക്കുകയാണെങ്കിൽ?

13. നിനക്കെന്തു തോന്നുന്നു, (ഈ തടയുന്നവൻ സത്യത്തെ) തള്ളിപ്പറയുന്നവനും പുറം തിരിഞ്ഞു പോകുകയും ചെയ്തവനാണ്.

14. അല്ലാഹു എല്ലാം കാണുന്നുണ്ടെന്ന് അവൻ അറിയുന്നില്ലേ?

15. വേണ്ട; അവനതിൽ നിന്ന് വിരമിക്കുന്നില്ലെങ്കിൽ; അവൻെറ കുടുമ നാം പിടിച്ചു വലിക്കുക തന്നെ ചെയ്യും.

16. കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ

17. എന്നാൽ അവൻ തൻെറ സഭക്കാരെ വിളിക്കട്ടെ.

18. നാം ശിക്ഷകളുടെ മലക്കുകളെയും വിളിക്കാം.

19. വേണ്ട; ഒരിക്കലും നീ അവന് വഴങ്ങരുത്. നീ (നിൻെറ നാഥനെ) നമിക്കുകയും (അവനോട്) സാമീപ്യം നേടുകയും ചെയ്തുകൊള്ളുക.

## വിശദീകരണം:

പ്രവാചകൻ മുഹമ്മദ്(സ)ക്ക് ആദ്യമായി അവതരിച്ച ദിവ്യവെളിപാട് ഈ അദ്ധ്യായത്തിലെ ആദ്യത്തെ അഞ്ച് വചനങ്ങളാണ്.

സൃഷ്ടിച്ചവനായ നിൻെറ നാഥൻെറ നാമത്തിൽ നീ വായിക്കുക എന്ന് ജിബ്രീൽ മാലാഖ പ്രവാചകൻ മുഹമ്മദി(സ)നോട്, അദ്ദേഹത്തിനുള്ള ദിവ്യബോധനത്തിന് തുടക്കം കുറിച്ചുകൊണ്ട് ആവശ്യപ്പെട്ടു. മലക്ക് അദ്ദേഹത്തിനു മുമ്പിൽ സമർപ്പിച്ചത് ലിഖിത രൂപത്തിലുള്ള സന്ദേശമായിരിക്കാമെന്നാണ് പണ്ഡിതന്മാരുടെ പക്ഷം. അതല്ലാതെ വായിക്കാനാവശ്യപ്പെടുകയില്ലല്ലോ.

സൃഷ്ടിച്ച നിൻെറ നാഥൻെറ നാമത്തിൽ എന്ന വാക്യത്തിൽനിന്ന് മനസ്സിലാകുന്ന സംഗതികൾ ഇവയാണ്: അല്ലാഹുവാണ് സകല പ്രപഞ്ചങ്ങളുടെയും സ്രഷ്ടാവ്. അതേ സ്രഷ്ടാവിനെ തന്നെയാണ് അദ്ദേഹം ആദ്യകാലം മുതൽ തന്നെ ദൈവമായി അംഗീകരിച്ചിരുന്നത്.

പ്രപഞ്ചസൃഷ്ടിപ്പിനെ പറ്റി പറഞ്ഞ ഉടനെ മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ച് എടുത്തുപറഞ്ഞത് അവനോടുള്ള ആദരവിനെ സൂചിപ്പിക്കാനാണ്. അതായത്, മറ്റു സൃഷ്ടികളിൽനിന്ന് വ്യത്യസ്തമായി ഏകദൈവത്തിൻെറ പ്രത്യേകമായ വിജ്ഞാനം നല്കി അവനെ ആദരിക്കുകയുണ്ടായി. അക്കാര്യം ഖുർആൻ രണ്ടാം അദ്ധ്യായം സൂചിപ്പിക്കുന്നുണ്ട്. ഇത് മനുഷ്യനോടുള്ള അല്ലാഹുവിൻെറ അങ്ങേഅറ്റത്തെ ഔദാര്യമാകുന്നു.

മനുഷ്യനറിയാത്തത് പേനകൊണ്ട് പഠിപ്പിച്ചവൻ എന്നു പറഞ്ഞത് രണ്ട് കാര്യങ്ങളെ മുൻനിറുത്തിയാണ്. ഒന്ന്, മനുഷ്യൻ ജന്മനാ അജ്ഞനാണ്. പിന്നീട് മനുഷ്യൻ ആർജിച്ച വിജ്ഞാനങ്ങളും കണ്ടുപിടിത്തങ്ങളും ഏകദൈവം അവന് നല്കിയ ഔദാര്യത്തിൻെറ അടിസ്ഥാനത്തിലുള്ളതാണ്. അതും അവൻ ഉദ്ദേശിച്ച അളവിൽ മാത്രം. രണ്ട്, ഈ വിജ്ഞാനത്തെ തലമുറകളിലേക്ക് വ്യാപിപ്പിക്കാനും അതുവഴി അവ നശിച്ചുപോകാതെ വളർത്തികൊണ്ടുവരുവാനും മനുഷ്യന് സാധിച്ചത് ദൈവത്തിൻെറ പ്രത്യേക സംവിധാനമാണ്. അതാണ് വിജ്ഞാനം കെട്ടുപോകാതെ അനന്തര തലമുറകളിലേക്ക് വ്യാപിപ്പിക്കാനുതകും വിധം രേഖപ്പെടുത്താനുള്ള സംവിധാനം ദൈവം മനുഷ്യനെ അഭ്യസിപ്പിച്ചത്. ഈ ഔദാര്യമില്ലായിരുന്നെങ്കിൽ മനുഷ്യൻെറ വിജ്ഞാനം നശിച്ചുപോകുമായിരുന്നു.

ഇനി പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഭാഗമാണ്. മനുഷ്യൻ നേടിയെടുത്തതൊക്കെ ഔദാര്യവാനായ ഏകദൈവത്തിൻെറ സഹായം കൊണ്ടാണെന്ന് സൂചിപ്പിച്ചു. എന്നാൽ ഈ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടുതന്നെ മനുഷ്യൻ തൻെറ നാഥനോട് അനുവർത്തിക്കുന്ന ധിക്കാരം സൃഷ്ടി എന്ന നിലക്ക് അവനിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഏകദൈവത്തിൻെറ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് അവനോട് നന്ദിയുള്ളവനായി ജീവിക്കുന്നതിന് പകരം എല്ലാ പരിധികളും ലംഘിച്ചുകൊണ്ടുള്ള സമീപനമാണ് അവൻ കൈക്കൊണ്ടിട്ടുള്ളത്. ഈ ധിക്കാരത്തിലൂടെ താൻ തൻെറ ദൈവത്തോട് സ്വീകരിച്ച നിലപാടിന് അവൻ സ്വയം തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. അതിന് അവനെ പ്രേരിപ്പിക്കുന്ന സംഗതിയാകട്ടെ അവന് ദൈവം നല്കിയ വിവിധ ഔദാര്യങ്ങളും സഹായങ്ങളുമാണ്. എന്നാൽ ഈ ദാർഷ്ട്യത്തിൻെറ പരിണതി തൻെറ നാഥനെ കണ്ടുമുട്ടും നാൾ തീർച്ചയായും അവൻ അനുഭവിക്കുകതന്നെ ചെയ്യും.

അടിമ നമസ്കരിക്കുമ്പോൾ എന്നുപറഞ്ഞത് പ്രവാചകൻ മുഹമ്മദി(സ)നെയാണ്. അദ്ദേഹം നമസ്കരിക്കാനായി കഅ്ബയുടെ അടുത്ത് നിന്നപ്പോൾ, ഇവിടെ അത്തരം രീതിയിലുള്ള ആരാധനകൾ പാടില്ല എന്ന ധിക്കാരമനോഭാവത്തോടെ അബൂജഹൽ തടയുകയുണ്ടായി. ഇതിനെ മുൻനിറുത്തി അല്ലാഹു ചോദിക്കുന്നു, നിങ്ങളെന്താണ് ചിന്തിക്കുന്നത്, ആ ദാസൻ സന്മാർഗത്തിലും ജനങ്ങളിൽ ദൈവഭക്തിയുണ്ടാക്കാനുള്ള പ്രവർത്തനത്തിലുമാണ്. അദ്ദേഹത്തെ തടഞ്ഞവനാകട്ടെ, ധിക്കാരിയും സത്യത്തിന്റെ ശത്രുവുമാണ്. രണ്ടു പേരുടെയും അവസ്ഥ ദൈവം നോക്കിക്കാണുന്നുണ്ട്. അതെ സംബന്ധിച്ച് അവൻ ഗൗനിച്ചിരുന്നെങ്കിൽ അവൻ ഈ ധിക്കാരം പ്രവർത്തിക്കുമായിരുന്നില്ലല്ലോ." എല്ലാവരുടെയും പ്രവർത്തനങ്ങൾ അല്ലാഹു നോക്കിക്കാണുന്നുണ്ട്, അതിനനുസരിച്ചാണ് അവൻ പ്രതിഫലവും വിധിക്കുക എന്നാണ് അതിന്റെ പൊരുൾ.

"നാം അവന്റെ മൂർദ്ധാവ് പിടികൂടും" എന്നു പറഞ്ഞതിന്റെ അർഥം അവൻ ഈ ധിക്കാരം അവസാനിപ്പിക്കുന്നില്ലെങ്കിൽ അവനെ നാം മാരകമായി പിടികൂടും എന്നാണ്.

സബാനിയ എന്നതുകൊണ്ട് അർഥമാക്കുന്നത് സംരക്ഷകരായ കാവൽക്കാരെയാണ്. അതായത്, താൻ നമസ്കരിക്കുന്നത് തടയാൻ അബൂജഹൽ ഒരുങ്ങിയപ്പോൾ അയാളെ പ്രവാചകൻ മുഹമ്മദ് പ്രതിരോധിക്കുകയുണ്ടായി. ഉടനെ അയാൾ പറഞ്ഞു: ഈ താഴ്വര മുഴുവൻ എന്റെ സംരക്ഷകരാണ്. പിന്നെ എന്നെ തടയാൻ നിനക്കെങ്ങനെ ധൈര്യം വന്നു?" ഇതേ സംബന്ധിച്ചാണ്, അവൻ തന്റെ ആളുകളെ വിളിക്കട്ടെ, നാം നമ്മുടെ സബാനിയ്യാക്കളെയും വിളിക്കാം, എന്നിട്ട് അവരുടെ ശക്തി അവനൊന്ന് മനസ്സിലാക്കട്ടെ എന്നു അല്ലാഹു പറഞ്ഞത്.

സുജൂദ് ചെയ്യുക. സാമീപ്യം നേടുക എന്നു പറഞ്ഞത്, നമസ്കാരം തുടരാൻ പ്രവാചകനോടുള്ള കല്പനയാകുന്നു.